# യഥാർഥ പ്രശ്നം ഒളികാമറയാണോ?

**പെൺകുട്ടികളെ** വശീകരിച്ചും അല്ലാതെയും, സ്വകാര്യതകളും ലൈംഗികകേളികളും കാമറയിൽ പകർത്തി ഇന്റർനെറ്റിലൂടെ പ്രചരിപ്പിക്കുന്ന അശ്ലീല നടപടി പാശ്ചാത്യ സമൂഹത്തിൽനിന്ന് ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടത് 2004-ലാണ്. ആ കൊല്ലം തന്നെ ഇന്ത്യയിലും അതെത്തിച്ചേർന്നു. ദൽഹിയിലെ ഒരു പബ്ലിക് സ്കൂൾ വിദ്യാർഥികളുടെ ലൈംഗികകേളികൾ ഇന്റർനെറ്റിൽ പ്രത്യക്ഷപ്പെട്ടത് 2004 നവംബറിലായിരുന്നു. കോഴിക്കോട്ടെ ഒരു ഹോട്ടലിലെ ലേഡീസ് ടോയ്‌ലറ്റിൽ ഒളിപ്പിച്ചുവെച്ച മൊബൈൽ കാമറ കണ്ടെത്തിയതിനെത്തുടർന്നുണ്ടായ സംഭവങ്ങൾ കഴിഞ്ഞ മാസം കേരളത്തിൽ വലിയ വാർത്തയാവുകയുണ്ടായി. അതിന് കുറച്ചു ദിവസം മുമ്പ് തളിപ്പറമ്പിൽ ഒരു സ്കൂൾ വിദ്യാർഥിയെയും യുവാവിനെയും ആത്മഹത്യയിലേക്ക് നയിച്ചതും മൊബൈൽ കാമറയാണെന്നാണ് റിപ്പോർട്ട്. സ്വകാര്യത സംരക്ഷിക്കാനാഗ്രഹിക്കുന്ന സ്ത്രീകൾക്ക് ഒളികാമറയെ പേടിച്ച് വെളിയിലിറങ്ങാനാവാത്ത അവസ്ഥയാണ് ഉളവായിക്കൊണ്ടിരിക്കുന്നത്. എവിടെയും തന്റെ നഗ്നത ഒപ്പിയെടുക്കാൻ പിന്തുടരുന്ന കാമറക്കണ്ണുകളെ അവൾ ഭയപ്പെടേണ്ടിയിരിക്കുന്നു. വെളിയിൽ മാത്രമല്ല, സ്വന്തം വീട്ടിലെ കിടപ്പറയിലും കുളിമുറിയിലും ലോഡ്ജിലും എല്ലാം കാമറകൾ ആർത്തിയോടെ അവളെ കാത്തിരിക്കുന്നുണ്ട്. ഇങ്ങനെ വേട്ടയാടപ്പെടുന്ന നഗ്നതക്ക് കമ്പോളത്തിൽ വൻ ഡിമാന്റാണ്.

ഒളി കാമറകൾ ഇന്ന് മൊബൈൽ ഫോണുകളിൽ മാത്രമല്ല. പേന, വാച്ച്, മോതിരം, സിഗററ്റ് ലൈറ്റർ തുടങ്ങിയ വസ്തുക്കളിലെല്ലാം തിരിച്ചറിയാനാവാത്തവിധത്തിൽ സൂക്ഷ്മമായി വീഡിയോ കാമറകൾ ഘടിപ്പിക്കാം. കുറ്റവാളികളെയും അഴിമതിക്കാരെയും വെളിച്ചത്തുകൊണ്ടുവരാൻ ഇത് പത്രപ്രവർത്തകരെയും രഹസ്യാന്വേഷണകരെയും ഏറെ സഹായിക്കുന്നുണ്ട്. എന്നാൽ സാധാരണക്കാർ, തൊഴിലോ ബിസിനസ്സോ ഇല്ലാത്ത യുവാക്കളും കുട്ടികളും വിശേഷിച്ചും ഇത് ഉപയോഗിക്കുന്നത് പലപ്പോഴും അനാവശ്യങ്ങൾക്കും അനാശാസ്യങ്ങൾക്കുമാണ്. എന്നുവെച്ച് അതിനു നിരോധമേർപ്പെടുത്തുക ഇന്നത്തെ സാഹചര്യത്തിൽ പ്രായോഗികമാവില്ല. മൊബൈൽ ഫോണിന്റെയും കമ്പ്യൂട്ടറിന്റെയും ദുരുപയോഗം തടയുന്നതിനും കുറ്റവാളികളെ ശിക്ഷിക്കുന്നതിനും നാട്ടിൽ ഉചിതമായ നിയമങ്ങളുണ്ടെന്ന് പോലീസ് ജനങ്ങളെ സമാധാനിപ്പിക്കുന്നുണ്ട്. മറ്റു കുറ്റകൃത്യങ്ങൾ ധാരാളം നടക്കുന്നത് നിയമങ്ങളില്ലാത്തതുകൊണ്ടല്ല. സമൂഹത്തിൽ കുറ്റവാസന ഇല്ലാതാക്കാൻ നിയമങ്ങൾ മാത്രം പോരാ. ശിക്ഷാഭയത്തേക്കാളുപരി സമൂഹത്തിന്റെ പൊതുബോധത്തിലും വ്യക്തികളുടെ മനസ്സിലും സദാചാര, ധാർമിക മൂല്യങ്ങൾക്കുള്ള സ്വാധീനമാണ് അവരെ കുറ്റകൃത്യങ്ങളിൽനിന്ന് അകറ്റിനിർത്തുന്നത്. ഈ ബോധം ക്ഷയിക്കുംതോറും നിയമങ്ങൾ എത്ര കർശനമായാലും കുറ്റങ്ങൾ വർധിച്ചുകൊണ്ടിരിക്കും.

മനുഷ്യനെ മൃഗത്തിൽനിന്ന് വേർതിരിക്കുന്ന മുഖ്യ ഗുണങ്ങളിലൊന്നാണ് സ്വകാര്യത സംരക്ഷിക്കാനുള്ള തൃഷ്ണ. ഈ മാനവിക ഗുണത്തെ ഹനിക്കാനുള്ള പ്രവ

ണതയാണ് ആധുനിക ലോകത്ത് വളർന്നുവരുന്നത്. സ്വകാര്യത ഹനിക്കപ്പെടുന്നതിന്റെ മറുവശം നിർലജ്ജത അംഗീകരിക്കപ്പെടുകയാണ്. മനുഷ്യന്റെ മേനിയിലോ ചൊല്ലിലോ ചെയ്തിയിലോ മറച്ചു വെക്കേണ്ടതായി ഒന്നുമില്ല എന്നാണ് പ്രമാണം. എന്നു വെച്ചാൽ എന്തും പറയാം, പ്രവർത്തിക്കാം, പ്രകടിപ്പിക്കാം. 'ലജ്ജയില്ലെങ്കിൽ നിങ്ങൾക്ക് എന്തും ചെയ്യാം' എന്ന് മുഹമ്മദ് നബി(സ) ഉണർത്തിയത് അനുസ്മരണീയമാകുന്നു. തൽക്കാലം ശാരീരികമോ മാനസികമോ ആയ രസം നൽകുന്നതെന്തും അനുവദനീയമായി കരുതാനാണാളുകൾക്കിഷ്ടം. സ്ത്രീയുടെ നഗ്നത പ്രേക്ഷകരെ രസിപ്പിക്കുന്നതുകൊണ്ട് അത് വിപണനം ചെയ്യപ്പെടുന്നു. ഈ വിപണിയിലെ ഇടപാടുകാർ വിദ്യാവിഹീനരോ അപരിഷ്കൃതരോ അല്ല. ക്ലബ്ബുകളിലും ഹോട്ടലുകളിലും നഗ്ന നൃത്തങ്ങൾ സംഘടിപ്പിക്കുന്നതും നീല സിനിമകളും സീഡികളും വാങ്ങുന്നതും ഭിത്തികളിൽ അശ്ലീല പോസ്റ്ററുകൾ പതിക്കുന്നതും അത് സരസം നോക്കി നിൽക്കുന്നതും എല്ലാം സാധാരണക്കാരെക്കാളേറെ വിദ്യാഭ്യാസവും പരിഷ്കാരവുമുള്ളവരാണ്. എന്തും വിൽക്കപ്പെടുന്ന ലോകമാണിത്. ക്ലബ്ബുകളിലും ഹോട്ടലുകളിലും സ്റ്റുഡിയോകളിലും വെബ് സൈറ്റുകളിലുമെല്ലാം സ്ത്രീയുടെ നഗ്നതയും വിൽക്കപ്പെടുന്നുണ്ട്. വില കിട്ടുന്നതെന്തും മോഷ്ടിക്കപ്പെടുകയും ചെയ്യും. അക്കൂട്ടത്തിൽ സ്ത്രീയുടെ സ്വകാര്യതയും മോഷ്ടിക്കപ്പെടുന്നു. ഈ സ്വകാര്യത വില കൊടുത്തു വാങ്ങുകയും രസിച്ചു കാണുകയും ചെയ്യുന്നവർക്ക് ഒളികാമറയുടെ വിക്രിയയെ അർഹിക്കുന്ന ഗൗരവത്തിൽ കാണാൻ കഴിയുമോ? മോഷ്ടിക്കപ്പെടുന്നവർക്ക് ദ്രവ്യനഷ്ടമില്ലാത്ത ഒരു ലഘു മോഷണമല്ലേ അത്? മദ്യപാനം അനുവദനീയമായ സമൂഹത്തിൽ വ്യാജമദ്യം കുറ്റകരമാകുന്നത് അത് നിയമവിധേയമായിട്ടല്ലാതെ നിർമിക്കപ്പെട്ടതിന്റെ പേരിലാണ്. അല്ലാതെ മദ്യപാനം അനാശാസ്യവും അധാർമികവുമായതുകൊണ്ടല്ല. അതുതന്നെയാണ് ഇക്കാര്യത്തിലും പ്രസക്തമായിട്ടുള്ളത്. ഒളികാമറയല്ല യഥാർഥ പ്രശ്നം; സ്ത്രീയുടെ സ്വകാര്യതയോടുള്ള പുരുഷന്റെ ആർത്തിയാണ്. അത് നിലനിർത്തിക്കൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും ഒളികാമറയെ പഴിപറഞ്ഞിട്ട് ഒരു കാര്യവുമില്ല.

മനുഷ്യ മാംസത്തിന്റെ വിപണനവും ഉപഭോഗവും അനുവദിക്കപ്പെടുന്ന ഒരു സമൂഹത്തിൽ ആരെങ്കിലുമൊക്കെ മനുഷ്യരെ പിടിച്ച് കാശാപ്പ് ചെയ്ത് ഇറച്ചി വിൽക്കാൻ തയാറാകും. അത്തരം കൊലക്കും കൊലയാളികൾക്കുമെതിരെ കർശനമായ നിയമങ്ങളുണ്ടായതുകൊണ്ട് മാത്രം അതില്ലാതാവുകയില്ല. നരഭോജനത്തെക്കുറിച്ച് ചിന്തിക്കാനാവാത്ത വണ്ണം, സമൂഹ മനസ്സിൽ മനുഷ്യശരീരവും ജീവനും പാവനമാണെന്ന ബോധമുണർത്തുകയാണ് ആദ്യം വേണ്ടത്. ഒപ്പം അതിന്റെ വിപണനവും ഉപഭോഗവും വിലക്കുകയും വേണം. ഈ ബോധവും വിലക്കും ഉള്ളതുകൊണ്ടാണല്ലോ മനുഷ്യർക്കിടയിൽ മനുഷ്യർക്ക് ജീവഭയമില്ലാതെ നടക്കാൻ കഴിയുന്നത്. ഒളികാമറക്കാരുടെ അശ്ലീല വേട്ടയെ നേരിടാനുള്ള വഴിയും ഇതുതന്നെയാണ്. ■